No/9/2019/SRG/LSGD(4)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019 ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 10.30 മണിക്ക് സെക്രട്ടറിയേറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി-അവലോകനം

25.09.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 24.12 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 25.46 ശതമാനമാണ്.ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കണ്ണൂർ ജില്ലയിലും (27.35%) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (22.13 ശതമാനം). 92.23 കോടി രൂപയുടെ 3076 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ 132.51 കോടി രൂപയുടെ 4046 പെന്റിംഗ് ബില്ലുകൾ ട്രഷറിയിൽ ഉണ്ട്. ഏറ്റവും അധികം പെന്റിംഗ് ബിൽ ഗ്രാമപഞ്ചായത്തുകളിലാണ്. 2845 ബില്ലുകളിലായി 59.76 കോടി രൂപ.
പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 24.24 % |
| ബ്ലോക്ക് പഞ്ചായത്ത് | 29.88 % |
| ജില്ലാ പഞ്ചായത്ത് | 19.84 % |
| മുനിസിപ്പാലിറ്റി | 24.08 % |
| കോർപ്പറേഷൻ | 21.82 % |
| **ആകെ** | **24.12 ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | | | | |
|---|---|---|---|---|---|
| 1 | കണ്ണൂർ | 27.35 % | 8 | തിരുവനന്തപുരം | 23.73% |
| 2 | വയനാട് | 27.03 % | 9 | മലപ്പുറം | 23.6 % |
| 3 | ഇടുക്കി | 25.64 % | 10 | തൃശ്ശൂർ | 23.51 % |
| 4 | ആലപ്പുഴ | 25.06 % | 11 | പാലക്കാട് | 23.49 % |
| 5 | കോഴിക്കോട് | 24.75 % | 12 | പത്തനംതിട്ട | 23.4 % |
| 6 | കൊല്ലം | 24.38 % | 13 | കാസറഗോഡ് | 22.47 % |
| 7 | കോട്ടയം | 23.82 % | 14 | എറണാകുളം | 22.13 % |

പൊതു വിഭാഗം, എസ്.സി.എസ്.പി, റ്റി.എസ്.പി, എഫ്.സി യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | എസ്.സി.എസ്.പി | റ്റി.എസ്.പി | എഫ്.സി |
|---|---|---|---|
| 28.89 % | 19.76 % | 22.83 % | 18.87% |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20- ലെ പദ്ധതിച്ചെലവും ഇതേ ദിവസം (സെപ്റ്റംബർ 25) മുൻ വർഷങ്ങളിലെ ചെലവും താഴെ ചേർക്കുന്നു.

2019-20 - 24.12 % പെന്റിംഗ് ബിൽ അടക്കം (25.46 %)
2018-19 - 30.49 %
2017-18 - 20.57 %
2016-17 - 2.27 %

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.2 20.06.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.2 (3.6)

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ഏജൻസികളിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ ജില്ല തിരിച്ച് (വയനാട് ജില്ല ഒഴികെ) വിശദാംശങ്ങളും പ്രവർത്തികളുടെ എണ്ണവും കോർഡിനേഷൻ കമ്മിറ്റിയുടെ കഴിഞ്ഞ യോഗത്തിൽ വിലയിരുത്തിരുന്നു. വയനാട് ജില്ലയുടെ വിശദാംശങ്ങൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി ഡിവിഷൻ ചീഫ് യോഗത്തിൽ അവതരിപ്പിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു,

| പ്രോജക്ടുകളുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| ഏജൻസിയുടെ പേര് | 2015-16 | 2016-17 | 2017-18 | 2018-19 | ആകെ | ഡെപ്പോസിറ്റ് ചെയ്തതുക (ലക്ഷം) |
| K.S.E.B | 21 | 21 | 13 | 28 | 83 | 436.12 |
| K.W.A | 25 | 26 | 53 | 83 | 187 | 1067.67 |
| G.W.D | 32 | 32 | 23 | 33 | 120 | 177.68 |
| Other Agencies | 30 | 20 | 23 | 18 | 91 | 476.49 |
| **Total** | **108** | **99** | **112** | **162** | **481** | **2157.96** |

ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടേയും സെക്രട്ടറിമാരുടേയും യോഗം അടിയന്തിരമായി വിളിച്ച് ചേർത്ത് ഇനി പൂർത്തിയാക്കാനുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കാൻ നടപടി

സ്വീകരിക്കണം. യോഗത്തിലേയ്ക്ക് KSEB, KWA, GWD തുടങ്ങിയ ഏജൻസികളിലെ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരെയും വിളിക്കണം. ഇതിനാവശ്യമായ നിർദ്ദേശം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി ഡിവിഷൻ ചീഫ് നൽകണം. സംസ്ഥാനതലത്തിൽ KSEB, KWA, GWA – തുടങ്ങിയ ഏജൻസികളുടെ മേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി,എ) വകുപ്പ്**

**2.3 30.07.2019 കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2.3 (4.9)

**തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം**

**തസ്വഭവ ചീഫ് എഞ്ചിനീയറുടെ 25.03.19 ലെ DB6 6/ജനറൽ/2019/CE/തസ്വഭവ നമ്പർകത്ത് (SRG442/19-LSGD DA1-150/2019).**

നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രോജക്ടുകളുടെ ഭരണാനുമതി, സാങ്കേതികാനുമതി ഇവയ്ക്കുശേഷം ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ തുക റ്റി.എസ്. തുകയേക്കാൾ ചിലപ്പോൾ കുറവായിരിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ എടുക്കാറുണ്ട്. സുലേഖാ സോഫ്റ്റ് വെയറിൽ പ്രോജക്ട് തുകയാണ് ചേർക്കാറുള്ളത്. ഇത് PWD മാന്വലിനെതിരാണ്. ഈ സാഹചര്യത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ഭരണാനുമതി/ സാങ്കേതികാനുമതി തുകയും ടെണ്ടറിനുശേഷമുള്ള തുകയും പ്രത്യേകമായി ചേർക്കാനുള്ള ക്രമീകരണം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുമായി ചർച്ച ചെയ്ത് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

## 2.4 29.08.2019 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.4 (3.4)

01.08.2019 ലെ 6105/2019/ ധന ഉത്തരവു പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വികസന ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ ഗഡു നൽകിയപ്പോൾ വിവിധ ആവശ്യങ്ങൾക്കായി (ഉദാ. KWAക്കു നൽകേണ്ട വെള്ളക്കര കുടിശ്ശിക, ലൈഫ് ഭവന പദ്ധതി പ്രകാരം ഹഡ്ക്കോയ്ക്ക് നൽകേണ്ട മുതൽ തുകയുടെ തിരിച്ചടവ്) രണ്ടാം ഗഡുവിൽ നിന്നും ധനവകുപ്പ് തുക കുറവു ചെയ്തിട്ടുണ്ട്. ഇപ്രകാരം ചെയ്ത കുറവ് അതത് തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിചെലവായി ഐ.കെ.എം. സോഫ്റ്റ് വെയറിൽ വരുത്തുന്നതിന് ആവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

2.4 (3.5)

തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടാതെ തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതികൾ പ്രളയക്കെടുതിയെ നേരിടാൻ പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതുകൂടി ഐ.കെ.എം സോഫ്റ്റ് വെയറിൽ കൊണ്ടുവരുന്നതിന് സാധിക്കുമെന്നും ഐ.കെ.എം പ്രതിനിധി അറിയിച്ചു. അതിനായുള്ള കരട് തയ്യാറാക്കി ഐ.കെ.എം. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിലേയ്ക്ക് നൽകണം.

**നടപടി – 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

2.4 (3.6)

നിർമ്മാണ പ്രോജക്ടുകളുടെ സാങ്കേതികാനുമതി, ടെണ്ടർ, എഗ്രിമെന്റ് തുടങ്ങിയവ സംബന്ധിച്ച് പുരോഗതി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അവതരിപ്പിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| TS **വേണ്ട പ്രോജക്ടുകൾ (എണ്ണം)** | TS **നൽകിയത്** | **ശതമാനം** | **ടെണ്ടർ ചെയ്തത്** | **ശതമാനം** | **എഗ്രിമെന്റിന് വച്ചത്** | **ശതമാനം** | **പ്രവർത്തി തുടങ്ങിയത്** |
|---|---|---|---|---|---|---|---|
| 95974 | 67,292 | 70.11 % | 16828 | 25.01 % | 13803 | 20.51% | 10781 |

**നടപടി – 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

2.4 (3.7)

ലൈഫ് ഭവന പദ്ധതി നടത്തിപ്പ സംബന്ധിച്ച് കൃത്യമായ ഒരു അവലോകന റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം. നേട്ടങ്ങളും നേരിടുന്ന പ്രശ്നങ്ങളും വിശദമായി പരിശോധിച്ച് ഒരു അവലോകനറിപ്പോർട്ട് അടുത്ത കോർഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകണം.

**നടപടി – 1) തദ്ദേശസ്വയംഭരണ ( ഡി.ബി) വകുപ്പ്**

**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

2.4 (3.10)

വനിതാ ശിശു വികസന പ്രോജക്ടുകൾ സാമൂഹ്യനീതി വകുപ്പാണ് നിർവഹണം നടത്തിയിരുന്നത്. എന്നാൽ വനിതാ ശിശു വികസനത്തിന് പ്രത്യേക വകുപ്പ് ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ടതും വനിതാ ശിശുവികസനത്തിന്റേയും പ്രോജക്ടുകൾ നിർവഹണം നടത്താനും വെറ്റിംഗ് നടത്താനുമുള്ള ചുമതല നിശ്ചയിച്ച് ആവശ്യമായ ക്രമീകരണം സുലേഖ/സാംഖ്യ സോഫ്റ്റ് വെയറിൽ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പഞ്ചായത്തിന്റെ വനിതാ ശിശുവികസന മേഖലയിലെ പ്രോജക്ടുകൾ ജില്ലാ ഓഫീസർ, വനിത ശിശു വികസനം ആണ് നിർവഹണം നടത്തേണ്ടത്. എന്നാൽ ഈ ഉദ്യോഗസ്ഥന് DDO കോഡ് ഇല്ല. അതിനാൽ വനിതാ ശിശു വികസനം ജില്ലാ ഓഫീസർക്ക് DDO കോഡ് അനുവദിക്കുന്നതു സംബന്ധിച്ച ഫയൽ അടിയന്തിരമായി ധനവകുപ്പിനു നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) വനിതാശിശു വികസന വകുപ്പ്**

**3) ധനവകുപ്പ്**

**2.4 (4.4) നിലമ്പൂർ നഗരസഭ**

**ബഹു. രാജ്യസഭാ എം.പി ശ്രീ അബ്ദുൾ വഹാബ്.വി.യുടെ കത്തും നിലമ്പൂർ നഗരസഭാ സെക്രട്ടറിയുടെ 18.04.2018-ലെ G2/G3-3507/17-ാം നമ്പർ കത്ത് (SRG 708/2019)**

നഗരസഭയിലെ വിവിധ പ്രദേശങ്ങളിലായി 9 പട്ടികവർഗ്ഗ സങ്കേതങ്ങളും 13 പട്ടികജാതി സങ്കേതങ്ങളും ഉണ്ട്. ഇവിടത്തെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ഫെസിലിറ്റേറ്റർമാരെ വയ്ക്കാനും അവർക്ക് പ്രതിമാസം 4000/- രൂപ വേതനം നൽകാനും അനുമതി സംബന്ധിച്ച്. ഇത് മലപ്പുറം പ്ലാനിംഗ് ഓഫീസർ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകണം. തുടർ നടപടി സ്വീകരിക്കാൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡിപി ഡിവിഷൻ ചീഫിനെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ജില്ലാ പ്ലാനിംഗ് ഓഫീസർ മലപ്പുറം**
**3) ചീഫ് ഡിപി ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

2.4 (4.9)

**കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്**

**കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.10.2018-ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന റിപ്പോർട്ടുകളും ( (SRG/691/19/ LSGD - RC2 - 157/18)**

സംഗീതജ്ഞനായിരുന്ന ശ്രീ രവീന്ദ്രൻ മാസ്റ്ററുടെ ജന്മനാടായ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി 'രാഗസരോവരം' എന്ന സ്മാരക കെട്ടിടത്തിന്റെ നിർമ്മാണം 2009-10-ൽ ആരംഭിച്ചു. 40 ശതമാനം പൂർത്തിയായി. പിന്നീട് നിർമ്മാണ പ്രവർത്തനം നടന്നില്ല. 29.01.2015-ൽ തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്മാരക നിർമ്മാണം പുനരാരംഭിക്കാൻ തീരുമാനിച്ചു. 2018-19-ൽ 168/19 പ്രകാരം പ്രോജക്ട് ഉൾപ്പെടുത്തി. ആകെ എസ്റ്റിമേറ്റ് തുക 90.00 ലക്ഷം രൂപ. തനത് ഫണ്ട് 40.00 ലക്ഷം രൂപയും , വികസനഫണ്ട് 10.00 ലക്ഷം രൂപയും ബഹു. വനം വകുപ്പ മന്ത്രിയും പുനലൂർ എം.എൽ.എ.യുമായ അഡ്വ. കെ. രാജുവിന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് 40.00 ലക്ഷം രൂപയും ആണ് വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ചുമതല ശ്രീ.രാജീവ് അഞ്ചലിനെ ഏൽപ്പിക്കുന്നതിന് അനുമതി സംബന്ധിച്ച്

ഇതു പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഈ പ്രവൃത്തിയുടെ പ്രത്യേക സ്വഭാവം പരിഗണിച്ചും ശില്പ വൈദഗ്ധ്യം പരിഗണിച്ചും ഇതിന്റെ നിർമ്മാണം ശ്രീ. രാജീവ് അഞ്ചലിനെ ഏൽപ്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

2.4 (4.16)

**ചാലിയാർ ഗ്രാമപഞ്ചായത്ത്**

**ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2019-ലെ കത്ത് (SRG/738/19)**

പഞ്ചായത്തിൽ ക്ലീൻ ചാലിയാർ പദ്ധതിയുടെ ഭാഗമായി അജൈവ മാലിന്യങ്ങൾ എനർജി പ്ലാന്റിലേയ്ക്ക് കൊണ്ടു പോകുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവ് ശുചിത്വ മേഖലയിലേയ്ക്ക് മാറ്റി വച്ചിരിക്കുന്ന 10 ശതമാനം തുകയിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

2019 മെയ് വരെ 7,02,568/- രൂപയാണ് പ്രവർത്തന നഷ്ടം. 2019 മെയ് വരെ 4,79,068/- രൂപ VGF ലഭിച്ചു. ഇതു കുറച്ചാലുള്ള നഷ്ടം 2,23,500/- രൂപയാണ് എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

**തീരുമാനം :** അടുത്ത യോഗത്തിൽ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറെ കൂടി ക്ഷണിക്കാൻ തീരുമാനിച്ചു. മാനേജിംഗ് ഡയറക്ടറുടെ വിശദീകരണമാരാഞ്ഞ് പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

2.4 (4.30)

**കേളകം ഗ്രാമപഞ്ചായത്ത്**

**കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017-ലെ 930/17-ാം നമ്പർ കത്തും പ്രസിഡന്റിന്റെ 15.06.2017-ലെ കത്തും കണ്ണൂർ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.09.2017-ലെ B2-5424/17-ാം നമ്പർ കത്തും (SRG/267/19 LSGD - DA1/400/ 2017- LSGD )**

**പ്രോ.നം. 9/17** **അടങ്കൽ 1,90,000/- (CFC)**

**പേര് :- മാലിന്യ സംസ്കരണ പ്ലാന്റിന് സർവ്വീസ് റിപ്പയറിംഗ്**

മൂന്നര വർഷം പഴക്കമുള്ള ഇൻസിനേറ്ററിന് സർവ്വീസ്, റിപ്പയർ എന്നിവയ്ക്കായി 15.12.2016-ന് ടെണ്ടർ ചെയ്തു. Steel Tech art Solution Pvt. Ltd, Calicut ന്റെ ടെണ്ടർ 1,90,000/- രൂപയും RXD Kotta Industries, Kondotty Malappuram-ന്റെ 1,96,575/- രൂപയും ആയിരുന്നു. രണ്ടാമത്തെ കമ്പനി EMD, പ്രാഥമിക ഉടമ്പടി എന്നിവ വച്ചില്ല. അതിനാൽ Steel Tech art Solution Pvt. Ltd, എന്ന കമ്പനിയെകൊണ്ട് പ്രവൃത്തി ചെയ്യിപ്പിച്ചു. എന്നാൽ വർക്ക് ഓർഡർ സെക്രട്ടറി നൽകിയിരുന്നില്ല. ഈ സാഹചര്യത്തിൽ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത Steel Tech art Solution Pvt. Ltd, Calicut ന്റെ ടെണ്ടർ അംഗീകരിച്ച് തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്മേൽ വകുപ്പുതലത്തിൽ നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

2.4 (4.37)

**തളിപ്പറമ്പ് മുനിസിപ്പാലിറ്റി**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2019 ലെ കത്തും 27.03.19 ലെ 16/16-ാം നമ്പർ കൗൺസിൽ തീരുമാനവും (SRG 541/19- CC 344/19)**

2018- ലെ പ്രളയത്തിൽ തളിപറമ്പ് താലൂക്കാശുപത്രിയിലെ കാലപ്പഴക്കം ചെന്ന സെപ്റ്റിക് ടാങ്ക് പൊട്ടി തകർന്നിരുന്നു. അടിയന്തിര സ്വഭാവമുള്ളതായിരുന്ന തിനാൽ ടെണ്ടർ നടപടി കൂടാതെ ഇത് ശരിയാക്കുന്നതിന് ഒരു സ്പോൺസറെ കണ്ടെത്തി കരാറുകാരനായ ശ്രീ സന്തോഷ് കുമാർ മുഖേന പ്രവൃത്തി നടത്തി. എന്നാൽ സ്പോൺസറായ ABC ഗ്രൂപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് നേരിട്ട് പണം നൽകിയതിനാൽ സ്പോൺസർഷിപ്പിൽ നിന്ന് പിന്മാറി. ഈ സാഹചര്യത്തിൽ വാല്യുവേഷൻ നടത്തികരാറുകാരന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം : തളിപ്പറമ്പ് മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ട് യോഗം പരിഗണിച്ചില്ല. തദ്ദേശസ്വയംഭരണ വകുപ്പ് ചിഫ് എഞ്ചിനീയർ ഇത് നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകണം. ശുചിത്വ മിഷനിൽ നിന്ന് ഇതിന്റെ തുക നൽകാൻ കഴിയുമോ എന്ന് പരിശോധിക്കണം. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

2.4 (4.39)

**കാവന്നൂർ ഗ്രാമപഞ്ചായത്ത്**

**കാവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.05.2019-ലെ കത്ത് (SRG- 513/19)**

എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി ജനറൽ വിഭാഗത്തിൽപ്പെട്ട 9 വീടുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 വീടുകളും പുനരുദ്ധരിക്കുന്നതിന് 07.01.2011-ൽ 18,75,000/- രൂപ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നൽകിയിരുന്നു. ഈ തുക ഇരട്ട വീട് ഒറ്റ വീടാക്കുന്നതിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇതിന് അനുമതി നൽകാമെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തു. അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

2.4 (4.52)

**വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.2019 ലെ കത്തും വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.06.2019 ലെ BP4/2376/19/VLND കത്തും 11.06.2019 ലെ II/2/2019 –ാം നമ്പർ ഭരണസമിതി തീരുമാനവും.**

***പ്രോജക്ട് നമ്പർ 27/2020***

***അടങ്കൽ 19,80,000/- രൂപ***
***(വികസനഫണ്ട് 18,00,000/ രൂപ***
***ഗുണഭോക്തൃവിഹിതം 1,80,000/- രൂപ)***

***പേര് – തേൻ ഗ്രാമം***

തേൻ ഉത്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്. 2017-18-ലും ഈ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു. കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് മുൻ വർഷം ഇത് നടപ്പാക്കിയതു സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് റിപ്പോർട്ട് നൽകി.

തീരുമാനം :- മുൻ വർഷം ഇത് മികച്ച രീതിയിലാണ് നടപ്പാക്കിയതെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതുപോലെ ഗ്രൂപ്പ് മുഖേന നടപ്പാക്കേണ്ടതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 3. പൊതുവിഷയം

വനിതാ ശിശു വികസനം , ആരോഗ്യം സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.ആരോഗ്യ- സാമൂഹ്യ നീതി - വനിതാ വികസന വകുപ്പ മന്ത്രിയും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയും വകുപ്പുമേധാവികളുമായി 04.09.2019 ൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം താഴെ പറയുന്ന തീരുമാനമെടുത്തു.

3.1.1 06.05.2013-ലെ സ.ഉ.(സാധാ) 1209/2013 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം കൂടി തുക കൈമാറാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ/എഫ്.എം) വകുപ്പ്**

3.1.2 അങ്കണവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഹോണറേറിയം നൽകുന്നതിനാവശ്യമായ വിഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തണം. തുക വകയിരുത്തിയിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനവകുപ്പ് അറിയിച്ച പ്രകാരമുള്ള തുക ട്രഷറിയിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം.

എന്നാൽ വികസന ഫണ്ട് കുറവുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ് ഇങ്ങനെ തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കുന്നവർക്ക് വികസന ഫണ്ടിൽ നിന്ന് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇതിനുള്ള ഫയൽ അടിയന്തിരമായ ധനവകുപ്പിന്റെ പരിഗണനക്ക് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

3.1.3 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, ബത്ത എന്നിവ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നൽകുന്നുണ്ട്. ഒരു കുട്ടിക്ക് ശരാശരി 22,000/- രൂപ മുതൽ 28,000/- രൂപ വരെ നൽകേണ്ടി വരും. 12 മാസവും ഇതു നൽകണമെന്നാണ് നിർദ്ദേശമെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം എല്ലാ മാസവും നൽകാത്ത ഗ്രാമപഞ്ചായത്തുകളും ഉണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.1.4. വനിതാ ശിശു വികസന വകുപ്പിന്റെ 23.03.2019-ലെ ICD3/A7-726/19-ാംം നമ്പരായുള്ള സർക്കുലർ പ്രകാരം ഇപ്പോൾ അനുമതി ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ കെട്ടിട നിർമ്മാണം 31.03.2019-നകം ആരംഭിച്ചിട്ടില്ലെങ്കിൽ ഇനിയൊരറിയിപ്പുണ്ടാകുന്നതു വരെ എല്ലാ പ്രവർത്തനങ്ങളും നിർത്തി വയ്ക്കാൻ വനിതാ ശിശുവികസന ഡയറക്ടർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇത് റദ്ദാക്കിയിട്ടുണ്ടെന്ന് സാമൂഹ്യ നീതി ഡയറക്ടർ അറിയിച്ചു.

എന്നാൽ വനിതാശിശു വികസന വകുപ്പ് സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് 7 പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. പുതിയ അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഇതിൽ നിന്ന് അനുയോജ്യമായവ തെരഞ്ഞെടുക്കേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് മുൻപ് അംഗീകരിച്ച പ്ലാൻ പ്രകാരം നിർമ്മാണം നടത്താവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

3.1.5. പുതിയ അംഗനവാടികളുടെ നിർമ്മാണത്തിനും പഴയതിന്റെ അറ്റകുറ്റപ്പണിക്കും വനിതാ ശിശു വികസന വകുപ്പിൽ നിന്നും തുക അനുവദിക്കാറുണ്ട്. വനിതാ ശിശു വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും 60:40അനുപാതത്തിലാണ് തുക വകയിരുത്തേണ്ടത്. ഈ തുക പി.ഡബ്ല്യൂ.ഡി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്ത് നിർമ്മാണം

നടത്തണമെന്ന് വകുപ്പിന്റെ നിർദ്ദേശം സംബന്ധിച്ച് താഴെപറയുന്ന തീരുമാനമെടുത്തു.

**തീരുമാനം :** വനിതാ ശിശു വികസന വകുപ്പ നൽകുന്ന വിഹിതം തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറുന്ന രീതി ഭാവിയിൽ കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട വകുപ്പുതലത്തിൽ (തദ്ദേശസ്വയഭരണ വകുപ്പ്, വനിതാശിശു വികസനം, ധനവകുപ്പ്, പൊതുമരാമത്ത്) ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച ഫയൽ ധനവകുപ്പിന് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

3.1.6. ശിശുക്ഷേമ സമിതികളുടെ ആഭിമുഖ്യത്തിൽ ജില്ലകളിൽ ക്രഷേകൾക്ക് പഞ്ചായത്തിൽ നിന്ന് വിഹിതം നൽകേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.1.7 2019-20 - ൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും ചില കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം ആഴ്ചയിലെ 7 ദിവസവും 24 മണിക്കൂറാക്കാനും നാഷണൽ ഹെൽത്ത് മിഷൻ (NHM) ലക്ഷ്യമിടുന്നു. ഇപ്രകാരം ആകെ 504 കേന്ദ്രങ്ങളാണുള്ളത് (പ്രാഥമികാരോഗ്യകേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ചേർത്ത്). ഇതിന്റെ നിർമ്മാണ പ്രവർത്തനം NHM- ആണ് നടത്തുന്നത്. തദ്ദേശഭരണസ്ഥാപനങ്ങൾ അധിക തുക ചെലവഴിക്കാൻ തയ്യാറാണെങ്കിൽ ഈ വിഹിതം NHM -ന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു. ഇതിനാവശ്യമായ നിർദ്ദേശം ട്രഷറികൾക്ക് നൽകാമെന്ന് ധനവകുപ്പ് പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഇതിനുവേണ്ടി ഫയൽ ധനവകുപ്പിനു നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.2. ധനവകുപ്പിന്റെ 6-9-2019 ലെ 7219/2019/Fin നമ്പർ ഉത്തരവു പ്രകാരം 41 മുനിസിപ്പാലിറ്റികൾക്കും 4 കോർപ്പറേഷനുകൾക്കും 14-ാം ധനകാര്യ കമ്മീഷൻ അവാർഡു തുകയിൽ നിന്ന് 67,61,02,277/- രൂപ പെർഫോമൻസ് ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 29.08.2019-ലെ 6950/2019 /Fin നമ്പർ ഉത്തരവ് പ്രകാരം 50 ഗ്രാമപഞ്ചായത്തുകൾക്ക് ഇതേപോലെ 8,41,55,800/- രൂപയും അനുവദിച്ചിട്ടുണ്ട്. 2017-18-ൽ നൽകേണ്ട ഈ തുകയ്ക്ക് കേന്ദ്ര സർക്കാർ ഇപ്പോഴാണ് അനുമതി നൽകിയത്. ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ചുള്ള സ്പിൽ ഓവർ പ്രോജക്ടുകളുടെ തുക നൽകുന്നതിനോ മാനദണ്ഡപ്രകാരമുള്ള പുതിയ പ്രോജക്ട് തയ്യാറാക്കുന്നതിനോ ഈ തുക ഉപയോഗിക്കാവുന്നതാണ്. വാർഷിക പദ്ധതി ഭേദഗതിക്ക് സെപ്റ്റംബർ 30 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. മുകളിൽ പറഞ്ഞ ഉത്തരവു പ്രകാരമുള്ള നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും അധികമായി 10 ദിവസം കൂടി നൽകാനും തീരുമാനിച്ചു. ഇതിനകം നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ നിർദ്ദേശം ഈ നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും നൽകണം. ഈ ഉത്തരവു പ്രകാരമുള്ള

വിഹിതം സുലേഖ സോഫ്റ്റ് വെയറിൽ Receipt side-ൽ ചേർക്കാനുള്ള നടപടി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

3.3 ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളിൽ മുഖ്യ നിർവ്വഹണ തദ്ദേശ ഭരണ സ്ഥാപനത്തിന് മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്. ഇതിനുപകരം അലോട്ട്മെന്റ് രീതിയിൽ തുക കൈമാറണമെന്ന് ധനവകുപ്പ് ഉത്തരവിറക്കി. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കും എന്നതിനാൽ കഴിഞ്ഞ വർഷം 31.03.2019 വരെ പഴയ രീതി തുടരുവാൻ ധനവകുപ്പ് അനുമതി നൽകിയിരുന്നു. ഈ വർഷം മുതൽ ധനവകുപ്പ് നിർദ്ദേശിച്ചിരുന്ന അലോട്ട്മെന്റ് രീതി നടപ്പാക്കുന്നതു സംബന്ധിച്ച് 29.08.2019-ലെ കോർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തിരുന്നു. കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം ലൈഫ് സി.ഇ.ഒ യുടെ അദ്ധ്യക്ഷതയിൽ ധനവകുപ്പിലേതടക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 04.09.2019-ൽ ഈ വിഷയം ചർച്ച ചെയ്തു. ഈ യോഗതീരുമാന പ്രകാരം താഴെ പറയുന്ന തീരുമാനമെടുത്തു.

തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ മുഖ്യ നിർവ്വഹണ ഏജൻസിയായുള്ള തദ്ദേശഭരണ സ്ഥാപനത്തിന് പങ്കാളികളായുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം അലോട്ട്മെന്റ് ഒറ്റത്തവണയായി നൽകണം. മുഖ്യ നിർവ്വഹണ സ്ഥാപനം റിക്വിസിഷൻ/ബിൽ തുക പ്രകാരം തുക ആവശ്യമനുസരിച്ച് അലോട്ട്മെന്റിൽ നിന്ന് ചെലവഴിക്കണം. ലൈഫ് പദ്ധതിയടക്കം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക കൈമാറേണ്ട അവസരങ്ങളിൽ ലഭ്യമായ അലോട്ട്മെന്റിൽ നിന്ന് തുക ഗുണഭോക്താവിന് നേരിട്ടു നൽകേണ്ടതാണ്.

മുഖ്യ നിർവ്വഹണ സ്ഥാപനത്തിന് അലോട്ടുമെന്റായി ലഭിക്കുന്ന തുക ചെലവഴിക്കുന്നതിന് ആവശ്യമായ ക്രമീകരണം സാംഖ്യ സോഫ്റ്റ് വെയറിൽ ഐ.കെ.എം ചെയ്യണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**3.4 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷൻ**

**കേരള ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷൻ പ്രസിഡന്റിന്റെ 18.09.19-ലെ കത്ത്.**

ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിലേക്ക് ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷൻ പ്രതിനിധിയെ പങ്കെടുപ്പിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :** 04.10.2002- ലെ 163/2002/തസഭവ ഉത്തരവ് അനുസരിച്ച് ഡി.പി.സികളിൽ ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ഗ്രാമപഞ്ചായത്ത് അസോസ്സിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ

രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും പ്രത്യേകം ക്ഷണിതാക്കാളായിരിക്കുമെന്നും അവരെ ഡി.പി.സി യോഗങ്ങളിലേയ്ക്ക് ക്ഷണിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷനിൽ നിന്ന് നോമിനേറ്റ ചെയ്യുന്ന മുറയ്ക്ക് ഓരോ ജില്ലയിലും ഒരു പ്രതിനിധിയെ ഡി.പി.സി -യിൽ പങ്കെടുപ്പിക്കാൻ നിർദ്ദേശം നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.5. തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിലെ ജനറൽ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം വിവിധ ഭവന പദ്ധതിക്കായി മാറ്റി വയ്ക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്പോൾ ഹഡ്കോയ്ക്കുള്ള തിരിച്ചടവ് തുക ധനവകുപ്പ് 2-ാം ഗഡുവിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. ഇങ്ങനെ കുറവ് ചെയ്ത തുക ലൈഫ് ഭവന പദ്ധതിയ്ക്കായി ഇതിനകം മാറ്റി വച്ചിരിക്കുന്ന വിഹിതത്തിൽ (വികസനഫണ്ടിന്റെ 20 ശതമാനത്തിൽ കുറയാത്ത തുക) ഉൾകൊള്ളി ക്കാവുന്നതാണ്. ധനവകുപ്പ കുറവ് ചെയ്ത തുക കൂടി കൂട്ടിചേർത്ത് ഭവന പദ്ധതിക്കുള്ള കുറഞ്ഞ വിഹിതം ക്രമപ്പെടുത്താവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ താല്പര്യപ്പെടുന്നുവെങ്കിൽ ഭവന നിർമ്മാണ പദ്ധതിയ്ക്ക് കൂടുതൽ വിഹിതം ഉൾപ്പെടുത്തുന്നതിന് നിയന്ത്രണം ഇല്ല. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടും പ്രകാരം വേണ്ട ക്രമീകരണം ചെയ്യാൻ ഐ.കെ.എം -നെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

3.6 എഞ്ചിനീയറിംഗ് മേഖലയിലെ പദ്ധതി പുരോഗതി ഉദ്ദേശിച്ച രീതിയിലെത്തിയില്ല എന്ന് യോഗം വിലയിരുത്തി. ജില്ലാതലത്തിൽ അസി.എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ യോഗം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിളിച്ചു ചേർത്ത് പുരോഗതി അവലോകനം ചെയ്യണം. ഒക്ടോബർ 15-നകം എല്ലാ നിർമ്മാണ പ്രവർത്തികളും ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ജില്ലാതലത്തിൽ താഴെ പറയുന്ന വിവരങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ അവലോകനം നടത്തണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ചീഫ് എഞ്ചിനീയർ അടുത്ത യോഗത്തിൽ നൽകണം.

| ആകെ നിർമ്മാണ പ്രോജക്ടുകൾ (എണ്ണം) | റ്റി.എസ്, വെറ്റിംഗ് നടപടി പൂർത്തി യായവ (എണ്ണം) | ടെണ്ടർ നടപടി പൂർത്തി യായവ (എണ്ണം) | എഗ്രിമെന്റ് വച്ചവ (എണ്ണം) | നിർമ്മാണം തുടങ്ങിയവ (എണ്ണം) | പൂർത്തിയായവ | | നിർമ്മാണ പ്രവൃത്തികളു ടെ ആകെ അടങ്കൽ (വികസന ഫണ്ട്) | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|---|---|
| | | | | | എണ്ണം | % | | | |
| | | | | | | | | | |

**നടപടി – 1) തദ്ദേശസ്വയംഭരണ( ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ**

3.7. പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി പ്രോജക്ടുകൾ പ്രത്യേകമായി പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർമാർ അവലോകനം ചെയ്യണം. ഇതിന്മേൽ സ്വീകരിച്ച നടപടി അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ഡയറക്ടർമാർ നൽകണം.

**നടപടി – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടികജാതി വികസന ഡയറക്ടർ**
**3) പട്ടികവർഗ്ഗ വികസന ഡയറക്ടർ**

3.8. മത്സ്യതൊഴിലാളികളുടെ ലൈഫ് ഭവനപദ്ധതി അവലോകനം ചെയ്യുന്നതിനായി അടുത്ത കോർഡിനേഷൻ കമ്മിറ്റി യോഗത്തിലേക്ക് ഫിഷറീസ് ഡയറക്ടറെ കൂടി പങ്കെടുപ്പിക്കാൻ യോഗം തീരുമാനിച്ചു.

**നടപടി – 1) തദ്ദേശസ്വയംഭരണ ( ഡി.എ ) വകുപ്പ്**

3.9. ഓരോ ആഴ്ചതോറുമുള്ള പദ്ധതി പുരോഗതി പ്രത്യേകമായി തദ്ദേശസ്വയംഭരണ വകുപ്പ് സൈറ്റിൽ കാണിക്കാനുള്ള നടപടി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം. കൂടാതെ പദ്ധതി പുരോഗതി എസ്.എം.എസ് ആയി വകുപ്പുമേധാവികൾക്കും മറ്റു ബന്ധപ്പെട്ടവർക്കും നൽകാനുള്ള നടപടിയും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം.

**നടപടി – 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ**

## 4. <u>പ്രത്യേക വിഷയം</u>

### 4.1 അയ്മനം ഗ്രാമപഞ്ചായത്ത്

**<u>കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.06.2019-ലെ കത്തും (SRG/19/CC - 364/19)</u>**

അപ്പർ കുട്ടനാട് മേഖലയിൽ ഉൾപ്പെട്ടതാണ് അയ്മനം ഗ്രാമപഞ്ചായത്ത്. ഇവിടെ ഗ്രാവൽ മണ്ണിന്റെ മാർക്കറ്റ് നിരക്ക് LSGD - നിരക്കിനേക്കാൾ കൂടുതലാണ് ഇതിനാൽ ഗ്രാവൽ മണ്ണുപയോഗിച്ചുള്ള പ്രവൃത്തി നടപ്പാക്കാൻ ബുദ്ധിമുട്ടാണ്. പൊതു മരാമത്ത് പ്രവൃത്തിയായ പഞ്ചായത്തിലെ മണിയാംപറമ്പ് - ചീപ്പുങ്കൽ റോഡിന് എം ക്യൂബിന് 400/- രൂപ ഉൾപ്പെടെ പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്. 40 കിലോമീറ്റർ വരെ യഥാർത്ഥ കൺവയൻസും അംഗീകരിച്ചിട്ടുണ്ട്. ഈ നിരക്ക് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് പ്രവൃത്തികൾക്കും ബാധകമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി : 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ**

## 4.2. പാമ്പാടി ഗ്രാമപഞ്ചായത്ത്

**പാമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.11.2017-ലെ കത്ത് (SRG/692/19/LSGD - DA3 - 456/17)**

പാമ്പാടി ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിൽ (സെന്റ് തോമസ് ഗവ. എൽ.പി.എസ്) 2016-17-ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കുഴൽ കിണർ കുഴിക്കുന്നതിന് (പ്രോ. 250/17 )1,50,000/- രൂപ ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ കിണർ കുഴിക്കാൻ നിശ്ചയിച്ച സ്ഥലത്ത് ജലനിധി പദ്ധതിയിൽ ജലസംഭരണി നിർമ്മിച്ചു. ഇവിടെ കുഴൽ കിണർ ആവശ്യമില്ല. അതിനാൽ ഈ തുക ഉപയോഗിച്ച് 6-ാം വാർഡിൽ കുഴൽ കിണർ നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി : 1)തദ്ദേശസ്വയംഭരണ (ഡി.എ.)വകുപ്പ്**

## 4.3. കാണക്കാരി ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.2019-ലെ കത്ത് (SRG/632/19 - CC 411/2019)**

***പ്രോ.നം.212/20*** ***അടങ്കൽ 10,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)***

**പേര് - ഡിജിറ്റൽ ഗ്രാമപഞ്ചായത്ത്**

പഞ്ചായത്തിലെ ജനങ്ങളുടെ വിവരങ്ങൾ, കെട്ടിടങ്ങളുടെ വിവരങ്ങൾ, പുറമ്പോക്ക് കൃഷി ഭൂമിയുടെ വിവരങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ, കിണറുകളുടെ വിവരങ്ങൾ, റോഡുകളുടെ വിവരങ്ങൾ തുടങ്ങിയവ ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി : 1)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

## 4.4. വിജയപുരം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2019-ലെ A1-9156/18-ാം നമ്പർ കത്തും (SRG/586/19 )**

**പ്രോ.നം. 27/20** **അടങ്കൽ 7,00,000/-**
**(വികസനഫണ്ട് - 5,00,000/-**
**തനത് ഫണ്ട് - 2,00,000/-)**

**പേര് :- സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം**

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണത്തിനുള്ള പ്രോജക്ട് ഈ വർഷം തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതോടൊപ്പം ഹൈസ്കൂളിലെ

കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ കഴിഞ്ഞ വർഷം എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം കൊടുത്ത നടപടിക്ക് സാധൂകരണവും നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :-

1. 7-ാം ക്ലാസ്സിനു താഴെയുള്ള എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുമ്പോൾ സർക്കാർ സ്കൂളുകൾ ഒഴിവാക്കരുത് എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.
2. ഹൈസ്കൂൾ വിഭാഗത്തിന് പ്രഭാത ഭക്ഷണം നൽകുന്നതിന് അനുമതി നിരസിച്ചു.
3. മുൻവർഷം എയ്ഡഡ് സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് കുറിപ്പ് ഉണ്ടോ എന്നടക്കമുള്ള വിവരങ്ങൾ അന്വേഷിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി : 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**4.5 പള്ളം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും പള്ളം പഞ്ചായത്ത് സെക്രട്ടറിയുടെ 12.05.2019-ലെ B45/18-ാം നമ്പർ കത്തും (SRG/592/19 -CC-328/2019)**

**പ്രോ.നം. 74/2017** **അടങ്കൽ 1,38,000/- (തനത് ഫണ്ട്)**

**പേര് :- ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കസേര**

2016-17-ൽ കസേര വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും കസേര നൽകി സിഡ്കോ ബിൽ സമർപ്പിച്ചത് 13.02.2019 ലാണ്. 2017-18-ൽ ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു അവശ്യ ഫണ്ടിൽ നിന്നും നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം** :- അനുമതി നൽകുന്നു. ഇതിനാവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിക്കുന്നു.

**നടപടി : 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ**

4.6 കോട്ടയം ജില്ലാപഞ്ചായത്ത്

**കോട്ടയം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 25.07.2019- ലെ കത്തും കോട്ടയം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 10-07-2019-ലെ 1(19)-ാം നമ്പർ തീരുമാനവും (SRG/672/19-CC/437/2019)**

**പ്രോ. നം. 401/20** **അടങ്കൽ - 13,00,000/-രൂപ**

**പേര്: കുറിച്ചി ഡിവിഷൻ - പഞ്ചായത്തുകൾക്ക് മൊബൈൽ മോർച്ചറി, ഗ്യാസ് ക്രിമറ്റോറിയം എന്നിവ വാങ്ങി നൽകൽ.**

കോട്ടയം ജില്ലയിൽ പനച്ചിക്കാട്, കുറിച്ചി പഞ്ചായത്തുകൾക്ക് മൊബൈൽ മോർച്ചറിയും മൊബൈൽ ഗ്യാസ് ക്രിമിറ്റോറിയവും വാങ്ങി നല്കുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.7 ഉഴവൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2019- ലെ കത്ത് (SRG/669/2019-CC/437/2019)**

**പ്രോ. നം. 44/20** **അടങ്കൽ - 4,55,000/- രൂപ**
**(സി.എഫ്.സി - 2,27,500/-രൂപ**
**ഗുണഭോക്തൃവിഹിതം - 2,27,500/-രൂപ)**

**പേര് : ഗാർഹിക മാലിന്യ സംസ്കരണം - കിച്ചൺ ബിൻ**

തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും തരംതിരിക്കുന്നതിന് ഒരു കുടുംബത്തിന് രണ്ടു ബിന്നുകൾ വീതം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം:** - പ്രത്യേക അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.8 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

**വയനാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 17-08-2019-ലെ കത്ത് (SRG/760/19-CC/501/2019).**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന പ്രോജക്ടുകൾ 2019-20-ൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. പട്ടിക വർഗ്ഗ സങ്കേതങ്ങളിലേക്കാണ് ഈ റോഡുകൾ. ഇവയ്ക്ക് 6 മീറ്ററിൽ താഴെമാത്രമാണ് വീതിയുള്ളത്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | തുക (രൂപ) |
|---|---|---|---|
| 1 | തോണിച്ചാൽ ശിവൻ കുന്ന് റോഡ് ക്രോൺക്രീറ്റ്<br>എടവക പഞ്ചായത്ത് - (TSP) | 21/20 | 7,00,000/- |
| 2 | കൊല്ലിയിൽ കൊളമ്പക്കൊല്ലി കോളനി റോഡ് അഭിവൃത്തിപ്പെടുത്തൽ<br>തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് - (TSP) | 22/20 | 7,00,000/- |
| 3 | ഗോദാവരി കോളനി റോഡ് കോൺക്രീറ്റ്<br>തവിഞ്ഞാൽ പഞ്ചായത്ത് - (TSP) | 28/20 | 6,00,000/- |
| 4 | മോനിച്ചൻകുന്ന് മണലിമൂല കോളനി റോഡ് കോൺക്രീറ്റ്<br>തവിഞ്ഞാൽ പഞ്ചായത്ത് -(TSP) | 37/20 | 7,00,000/- |
| 5 | പ്രിയദർശിനി കോളനി റോഡ് സൈഡ് കെട്ട് മൺപണി<br>തവിഞ്ഞാൽ പഞ്ചായത്ത് -(TSP) | 38/20 | 7,00,000/- |
| 6 | വെങ്ങ ചെന്നി എസ്.റ്റി കോളനി റോഡ് കോൺക്രീറ്റ്<br>എടവക പഞ്ചായത്ത് -(TSP) | 41/20 | 7,00,000/- |
| 7 | ചെറുവയൽ കോളനി റോഡ് സൈഡ് കെട്ട് - കോൺക്രീറ്റ്, എടവക ഗ്രാമപഞ്ചായത്ത് - (TSP) | 68/20 | 5,00,000/- |

**തീരുമാനം** :- ഓരോ റോഡിന്റേയും വീതി, നീളം എന്നിവ സഹിതം വിശദാംശങ്ങൾ ഉൾപ്പെടുത്തി സമർപ്പിക്കണം. ഈ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്**

### 4.9 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

**ഗ്രാമവികസന കമ്മീഷണറുടെ 27-08-2019 ലെ DP/4/2494/19 CRD നമ്പർ കത്തും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07-08-19 ലെ D/1398/19-ാം നമ്പർ കത്തും (SRG/812/19).**

ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ.പദ്ധതിക്കനുവദിച്ചതിൽ 64,15,934/- രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ ഉണ്ട്. ഈ തുക ലക്ഷം വീട്ടു പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റവീടാക്കുന്നതിന് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഈ തുകയിൽ നിന്ന് ത്രിതല പഞ്ചായത്തുകൾ നൽകിയ വിഹിതം മാത്രം ഉപയോഗിക്കാൻ 20-06-2019 ൽ കൂടിയ സി.സി അനുമതി നൽകിയിരുന്നു. മുകളിൽ പറഞ്ഞ തുകയോടൊപ്പം 40,49,134/-രൂപ പലിശയിനത്തിൽ അക്കൗണ്ടിൽ ഉണ്ട്. ഇതു കൂടി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്**

**4.10 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19-08-19-ലെ കത്ത് (SRG/764/19-CC/520/2019).**

**പ്രോ. നം. 142/20** **അടങ്കൽ - 10,22,500/-രൂപ**
**(വികസനഫണ്ട് - 9,20,000/-രൂപ**
**ഗുണഭോക്തൃ വിഹിതം - 1,02,500/-രൂപ )**

**പേര് : ചെമ്മണ്ണൂർ തോട്ടിൽ തടയണ നിർമ്മാണം -തൃക്കടീരി ഗ്രാമപഞ്ചായത്ത്**

2016-17 വാർഷിക പദ്ധതിയിൽ തൃക്കടീരി ഗ്രാമപഞ്ചായത്തിൽ ചെമ്മണ്ണൂർ തോട്ടിൽ തടയണ നിർമ്മാണത്തിനു പ്രോകജ്ട് (ജലസേചനം) ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ട് ഇപ്പോഴും സ്പിൽ ഓവറായി തുടരുന്നുണ്ട്. 2016-17-ൽ നിലനിന്നിരുന്ന മാർഗ്ഗ രേഖ പ്രകാരം 10 ശതമാനം ഗുണഭോക്തൃ വിഹിതം വേണം. 10 ശതമാനം ഗുണഭോക്തൃ വിഹിതം ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- സ്പിൽ ഓവർ പ്രോജക്ടായതിനാൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കാവുന്നതല്ല. നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ പുതിയ പ്രോജക്ടായി നിലവിലെ മാർഗ്ഗ രേഖപ്രകാരം നടപ്പാക്കാവുന്നതാണ്.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്**

**4.11 വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.19-ലെ കത്തും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.08.2019-ലെ C1 -8156/19-ാം നമ്പർ കത്തും (SRG/805/19-CC/539/2019).**

**പ്രോ. നം. 428/20** **അടങ്കൽ - 2,00,000/-രൂപ**
**(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)**

**പേര് : വണ്ടിപ്പെരിയാർ ഗവ. ഹയർ സെക്കന്ററി സ്കൂളിന് ഫർണീച്ചർ വാങ്ങി നൽകൽ**

വണ്ടിപ്പെരിയാർ ഗവ.ഹയർ സെക്കന്ററി സ്കൂളിന് ഫർണിച്ചർ വാങ്ങി നൽകാനുള്ള പ്രോജക്ട് 2017-18-ൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് ഫർണിച്ചർ വാങ്ങി. തുക നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള സ്ഥാപനമല്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം സംബന്ധിച്ച്.

**തീരുമാനം :-** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാധൂകരണം നൽകുന്നു. എന്നാൽ ഫർണീച്ചർ വാങ്ങി നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

**നടപടി : 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.12 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2019-ലെ കത്തുകൾ (4 എണ്ണം (SRG/796/19-CC/493/19, SRG/797/19-CC 494/19, SRG 798/19-CC495/19, SRG 799/49-CC 496/19).**

**i. പ്രോ. നം. 274/19** **അടങ്കൽ- 1,00,00,000/- (വികസനഫണ്ട്)**

**പേര് :- പ്രളയം മൂലം പമ്പ് സെറ്റ് നഷ്ടപ്പെട്ടവർക്ക് പമ്പ് സെറ്റ് നൽകൽ**

പെട്ടിയും, പറയും എന്നിവയ്ക്കു പകരം വൈദ്യുതി ലാഭിക്കാവുന്ന വെർട്ടിക്കൽ ആക്സിയൽ ഫ്ലോ, സബ്മെഴ്സിബിൾ പമ്പ് സെറ്റുകൾ, മിക്സഡ് ഫ്ലോ പമ്പ് സെറ്റുകൾ എന്നിവ പാടശേഖര സമിതികൾക്ക് വിതരണം ചെയ്യാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ii പ്രോ.നം. 306/20** **അടങ്കൽ - 6,00,000/- രൂപ (വികസനഫണ്ട്- 5,40,000/-രൂപ ഗുണഭോക്തൃവിഹിതം- 60,000/-രൂപ**

**പേര് :- ചെറുവള്ളിപ്പുഴ നമ്പർ പടവ് പുഞ്ചകൃഷി സംഘം 30 HP മോട്ടോർ**

പെട്ടിയും, പറയും എന്നിവയ്ക്കു പകരം വൈദ്യുതി ലാഭിക്കാവുന്ന വെർട്ടിക്കൽ ആക്സിയൽ ഫ്ലോ, സബ്മെഴ്സിബിൾ പമ്പ് സെറ്റുകൾ, മിക്സഡ് ഫ്ലോ പമ്പ് സെറ്റുകൾ എന്നിവ പാടശേഖര സമിതികൾക്ക് വിതരണം ചെയ്യാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**iii പ്രോ.നം. 308/20** **അടങ്കൽ - 12,00,000/- രൂപ (വികസന ഫണ്ട് - 10,80,000/- രൂപ ഗുണഭോക്തൃവിഹിതം- 1,20,000/-രൂപ)**

**പേര് :- വടക്കേ കോഞ്ചിറ പാടശേഖരം - വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്**

പെട്ടിയും, പറയും എന്നിവയ്ക്ക് പകരം വൈദ്യുതി ലാഭിക്കാവുന്ന വെർട്ടിക്കൽ ആക്സിയൽ ഫ്ലോ, സബ്മെഴ്സിബിൾ പമ്പ് സെറ്റുകൾ, മിക്സഡ് ഫ്ലോ പമ്പ് സെറ്റുകൾ എന്നിവ പാടശേഖര സമിതികൾക്ക് വിതരണം ചെയ്യാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**iv പ്രോ.നം . 309/20**

**അടങ്കൽ - 5,00,000/- രൂപ**
**(വികസന ഫണ്ട് - 4,50,000/- രൂപ**
**ഗുണഭോക്തൃവിഹിതം- 50,000/-രൂപ)**

**പേര് : പറപ്പൂർ നോർത്ത് പടവ് സംഘം മോട്ടോർ പമ്പ് സെറ്റ്**

പെട്ടിയും പറയും എന്നിവയ്ക്ക് പകരം വൈദ്യുതി ലാഭിക്കാവുന്ന വെർട്ടിക്കൽ ആക്സിയൽ ഫ്ലോ, സബ്മെഴ്സിബിൾ പമ്പ് സെറ്റുകൾ, മിക്സഡ് ഫ്ലോ പമ്പ് സെറ്റുകൾ എന്നിവ പാടശേഖര സമിതികൾക്ക് വിതരണം ചെയ്യാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- പ്രത്യേക അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.13 ന്യൂമാഹി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2019-ലെ കത്ത് SRG/779/19-CC/525/2019).**

**പ്രോ.നം. 88/20**

**അടങ്കൽ -2,00,000/- രൂപ**
**(വികസന ഫണ്ട് -1,00,000/- രൂപ**
**ഗുണഭോക്തൃവിഹിതം - 1,00,000/- രൂപ)**

**പേര് : പരമ്പരാഗത ചെറിയ തടിവള്ളങ്ങൾക്ക് ഗിൽനെറ്റ് നൽകൽ**

പരമ്പരാഗത ചെറിയ വള്ളങ്ങൾക്ക് ഗിൽനെറ്റ് നൽകാനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതെങ്കിലും ഗുണഭോക്താക്കൾക്ക് ചെറിയ ഫൈബർ വള്ളങ്ങളാണ് ഉള്ളത്. മാർഗ്ഗ രേഖയിൽ ഫൈബർ വള്ളങ്ങളുടെ കാര്യം പറയുന്നില്ല. ഇത്തരം വള്ളങ്ങളുടെ ഉടമകൾക്കു കൂടി ഗിൽനെറ്റ് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.14 **എരഞ്ഞോളി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2019-ലെ കത്ത് SRG/778/19-CC/515/2019).**

**പ്രോ.നം. 38/20**

**അടങ്കൽ - 12,84,600/- രൂപ**
**(വികസന ഫണ്ട് - 1,72,875/- രൂപ**
**ജില്ലാ പഞ്ചായത്ത് വിഹിതം- 5,00,000/- രൂപ**
**ബ്ലോക്ക് പഞ്ചായത്ത വിഹിതം - 5,20,000/- രൂപ**
**തനതു ഫണ്ട് - 91725/- രൂപ**

**പേര് : എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ്**

എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതവും ഉണ്ട്. മാർഗ്ഗ രേഖ പ്രകാരം സെന്ററിന് സ്ഥലം വാങ്ങൽ, കെട്ടിടം പണി, ഫർണീച്ചർ, മറ്റുപകരണം എന്നിവക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം നൽകാമെന്നാണ്. ദൈനംദിന പ്രവർത്തനത്തിന് ഫണ്ടിന്റെ കുറവ് ഉണ്ട്. ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് വിഹിതം സെന്ററിന്റെ ദൈനംദിന പ്രവർത്തനത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

4.15 **പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി**

**പെരിന്തൽ മണ്ണ നഗരസഭ ചെയർമാന്റെ 18.09.2019-ലെ കത്ത് SRG/837/19)**

**പ്രോ.നം. 99/20**

**അടങ്കൽ 7,00,000/- രൂപ**
**(വികസന ഫണ്ട്)**

**പേര് : സാഫല്യം വയോജന പദ്ധതി**

വയോജനങ്ങളുടെ മാനസിക ഉല്ലാസ പ്രവർത്തനത്തിനുള്ള പ്രോജക്ടിൽ ആരോഗ്യ ക്ലാസ്സുകൾ, യോഗ പരിശീലനം, വയോജന ശില്പശാല, വയോജന ദിനാചരണം, കലാകായിക മേളകൾ. ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് . ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.16. **മലപ്പുറം ജില്ലാ പഞ്ചായത്ത് - വിവേക വിഷൻ**

**മലപ്പുറം ജില്ലയിലെ വിവേക വിഷൻ ഡയറക്ടറുടെ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 09.06.2019-ലെ J1-3730/2019 -ാം നമ്പർ കത്തും ( SRG/596/19-LSGD DB4/8/2019 LSGD).**

മലപ്പുറം ജില്ലയിൽ മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ 1956-ലെ കമ്പനി ആക്ട പ്രകാരം പ്രവർത്തിക്കുന്ന ഒരു എൻ.ജി.ഒ ആണ് വിവേക വിഷൻ. ഈ എൻ.ജി.ഒ നിർമ്മിക്കുന്ന കെട്ടിട ഭാഗം പൂർത്തിയാക്കി വയോജനങ്ങൾക്ക് വിശ്രമ കേന്ദ്രം

ആരംഭിക്കാൻ ജില്ലാ പഞ്ചായത്ത് 10.00 ലക്ഷം രൂപ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി വച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.17 തിരുവാലി ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2019-ലെ കത്ത് ( SRG/572/19-CC/ 369/2019).**

**പ്രോ.നം. 101/19** **അടങ്കൽ - 3,00,000/- രൂപ**

**പേര് : ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ**

2018-19-ൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ, എയ്ഡഡ് സ്കൂളിലെ 1-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകാൻ 31.12.18-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം (ഖണ്ഡിക 4.6) അനുമതി നൽകിയിരുന്നു. തുക മിച്ചമുണ്ടായിരുന്നതിനാൽ 2-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കും സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകി. ഇതിന് സാധൂകരണം നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം** :- സാധൂകരണം നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.18 പിറവന്തൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG/834/19-CC/ 393/2019).**

(i) **പ്രോ.നം. 102/19** **അടങ്കൽ - 4,60,000/- രൂപ (വികസനഫണ്ട്)**

**പേര് : എൽ.പി, യു.പി സ്കൂളുകൾക്ക് ഡിജിറ്റൽ ബോർഡും പ്രൊജക്ടറും**

ഗ്രാമ പഞ്ചായത്തിലെ എല്ലാ സർക്കാർ എൽ.പി, യു.പി സ്കൂളുകൾക്കും ഡിജിറ്റൽ ബോർഡും പ്രൊജക്ടറും വാങ്ങി നൽകിയതിന് ശേഷം എയ്ഡഡ് സ്കൂളുകൾക്കും കൂടി ഇവ നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- പ്രത്യേക അനുമതി നൽകുന്നു. എന്നാൽ വകുപ്പിൽ നിന്നു നൽകിയിട്ടില്ല എന്നുറപ്പാക്കി ഇരട്ടിപ്പൊഴിവാക്കണം.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**(ii) പ്രോ.നം. 103/19** **അടങ്കൽ - 2,00,000/- രൂപ**
**(വികസനഫണ്ട്)**

**പേര് : സ്കൂളുകൾക്ക് മൈക്ക് സെറ്റ്**

പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ എൽ.പി, യു,പി സ്കൂളുകൾക്കും മൈക്ക് സെറ്റ് എന്ന പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- പ്രത്യേക അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.19 ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്**

**ബഹു. ആലുവ എം.എൽ.എ യുടെ 26.06.2019 -ലെ AG-6679/19 -ലെ കത്തും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2018-ലെ കത്തും കോർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.27 (i) (SRG 569/19).**

**പ്രോ.നം. 130/18** **അടങ്കൽ - 5,00,000/- രൂപ**
**(തനതു ഫണ്ട്)**

**പേര് : ഗ്രാമപഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ**

2018-19 ൽ ഗ്രാമപഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കാൻ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കോർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ യോഗം ഇതു പരിഗണിക്കുകയും ഇതിന്മേൽ പോലീസ് സി.ഐ/എസ്.ഐ-യുടെ റിപ്പോർട്ട് സഹിതം സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

പഞ്ചായത്ത് പരിധിയിലെ പറമ്പയം, ദേശം, കുന്നുംപുറം, കപ്രശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സിസിടിവി ക്യാമറ സ്ഥാപിച്ച് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുത്തി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ഫണ്ട് അനുവദിക്കണമെന്നും നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ എസ്.ഐ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.20. വൈക്കം മുനിസിപ്പാലിറ്റി**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019 -ലെ കത്തും വൈക്കം മുനിസിപ്പൽ സെക്രട്ടറിയുടെ 27.07.2019 -ലെ E3 -6054/19 -ാം നമ്പർ കത്തും ( SRG/783/19-CC/461/2019).**

2015-16 -ൽ എസ്.സി.പി ഭവന നിർമ്മാണ പദ്ധതിയിലെ ഗുണഭോക്താവായിരുന്ന ശ്രീമതി ഓമന വാര്യത്തൊടിയുടെ വീട്ടു നിർമ്മാണത്തിന്റെ 2,3 ഗഡു തുകയായ 2,10,000/-രൂപ വ്യാജ ഒപ്പിട്ടു അന്നത്തെ എസ്.സി പ്രമോട്ടറായിരുന്ന ശ്രീമതി ഗീത

കൈപ്പറ്റിയതുമായി ബന്ധപ്പെട്ട വിജിലൻസിലും മനുഷ്യാവകാശ കമ്മീഷനിലും കേസ് നടന്നു വരുന്നു. ബഹു. മനുഷ്യാവകാശ കമ്മീഷന്റെ 17.01.2019, 10.06.19- എന്നീ തീയതികളിലെ 1994/2018/KTM-ാം നമ്പർ ഉത്തരവു പ്രകാരം ശ്രീമതി ഓമന വാര്യത്തൊടിയുടെ ദയനീയാവസ്ഥ പരിഗണിച്ച് ഇവർക്ക് വീട്ടു നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനാവശ്യമായ പ്രത്യേക ഉത്തരവിനായി സർക്കാരിനെ സമീപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഗുണഭോക്താവ് വീടിന്റെ തറമാത്രമേ നിർമ്മിച്ചിട്ടുള്ളൂ. ഈ സാഹചര്യത്തിൽ വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഇതു ലൈഫ് മിഷൻ നിരക്കിൽ ഇനി പൂർത്തിയാക്കാനുള്ള ഘട്ടത്തിന് ആനുപാതിക തുക നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.21. പള്ളിക്കൽ ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 27.07.2019- ലെ കത്തും പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2019 Plg.220/2018-19/DPC/DPO/തിരു. സിസി നമ്പർ കത്തും (SRG/703/19-CC/219/2019).**

2018-19-ൽ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് 43 പുതിയ പ്രവൃത്തികൾ ചെയ്തു. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മറ്റ് റോഡുകളുടെ പുനരുദ്ധാരണം ആവശ്യമില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പുതിയ പ്രവർത്തികൾ ചെയ്തത്. ഇതിന് സാധൂകരണം സംബന്ധിച്ച്.

**തീരുമാനം** :- മുൻ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം പഞ്ചായത്തിലെ റോഡുകൾക്ക് തൻവർഷം അറ്റകുറ്റപ്പണി ആവശ്യമില്ല എന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ഭരണ സമിതി തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ടാകണമെന്ന നിർബന്ധനയോടെ സാധൂകരണം നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.22 ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ**

**ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (III C) ഡയറക്ടറുടെ 29-05-19-ലെ III C/DIR/LSGD/2019-ാം നമ്പർ കത്ത് (SRG/840/2019).**

സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നൈപുണ്യ വികസന കേന്ദ്രമാണ് ചവറയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ.

ഇതിന്റെ നടത്തിപ്പ് ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാറ്റ് സൊസൈറ്റിക്കാണ്. ഐ.റ്റി.ഐ, പോളിടെക്നിക്, എഞ്ചിനീയറിംഗ് ബിരുദം നേടിവർക്ക് ഇവിടെ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സ് നടത്തുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് പ്രയോജനകരമായ ഒരു കരിക്കുലം IIIC തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് ഈ കരിക്കുലം അനുസരിച്ച് പരിശീലനം നൽകുന്നതിന് തീരുമാനമുണ്ടാകണമെന്നത് സംബന്ധിച്ച്. കരിക്കുലത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| Name of course | Capacity building programme for LSGD Technical wing |
| Duration | 2 Weeks( 10 working days) |
| Qualification | B.Tech/Diploma |
| Batch Size | 40 Students |
| No. of batches during 2019-20 | 10 Batches |

**Fees Structure ( For one Participant)**

1. Tuition Fee - Rs. 15,000/-
2. Institutional Over head - Rs. 3,000/-
3. GST (19%) - Rs. 3,420/-

**Total - Rs. 21,420/-**

**തീരുമാനം** :- താഴെ പറയുന്ന കാര്യങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. കില ഡയറക്ടർ അറിയിച്ചതനുസരിച്ച് ആവശ്യമായ ഫണ്ട് കിലയിൽ നിന്നു നൽകും. ഫീസ് സംബന്ധിച്ച് III C ഡയറക്ടറുമായി വീണ്ടും ചർച്ച ചെയ്യണം. ഒരു ബാച്ചിന് പരിശീലനം നൽകി അതു വിലയിരുത്തിയതിനുശേഷം തുടർന്നുള്ള ബാച്ചിനു പരിശീലനം നൽകുന്നതിനു പരിഗണിച്ചാൽ മതിയാകും. കില ഡയറക്ടറും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും വിശദമായി പരിശോധിച്ച് വേണം തുടർ നടപടികളിലേക്ക് കടക്കേണ്ടത്.

**നടപടി : തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4.23. നെന്മാറ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 19.08.19 ലെ കത്ത് (SRG 838/19-CC/514/19)**

**പ്രോജക്ട് നം.128/19** **അടങ്കൽ 25,00,000/- രൂപ (തനതുഫണ്ട്)**

**പേര് - നെന്മാറ ബസ് സ്റ്റാന്റ് നവീകരണം**

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന നെന്മാറ ബസ് സ്റ്റാന്റ് നവീകരണം എന്ന പ്രോജക്ട ടെണ്ടർ ചെയ്ത് പണി പൂർത്തിയായി. എന്നാൽ വെറ്റിംഗ് നടപടി പൂർത്തിയായിരുന്നില്ല. ''റിട്ടേൺ ബൈ എൽ.ബി'' എന്ന സ്റ്റാറ്റസിൽ കിടക്കുന്നതിനാൽ 2019-20 ലേക്ക് സ്പിൽ ഓവറായി കൊണ്ടുവരാൻ കഴിയുന്നില്ല. സ്പിൽ ഓവറായി 2019-20 ലേക്ക് കൊണ്ടു വരാൻ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം അംഗീകരിച്ചു. സുലേഖയിൽ വേണ്ട ക്രമീകരണം നടത്തുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി : 1. തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ**
**3. കില ഡയറക്ടർ**

**4.24. നെന്മാറ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 19.08.19 ലെ കത്ത് (SRG 769/19-CC/513/19)**

**പ്രോജക്ട് നം.125/19** **അടങ്കൽ 44,00,000/- രൂപ (തനതുഫണ്ട്)**

**പേര് – വല്ലങ്ങി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

2018 – 19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വല്ലങ്ങി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രോജക്ട ടെണ്ടർ നടത്തി പ്രവർത്തനം ആരംഭിച്ചു. എന്നാൽ വെറ്റിംഗ് നടപടി പൂർത്തിയായിരുന്നില്ല. പ്രോജക്ടിന്റെ ഇപ്പോഴത്തെ സ്റ്റാറ്റസ് ''റിട്ടേൺ ബൈ എൽ.ബി'' എന്നാണ്. അതിനാൽ 2019-20 ലേക്ക് സ്പിൽ ഓവർ ആക്കാൻ കഴിയുന്നില്ല. സ്പിൽ ഓവറായി തുടരാൻ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം അംഗീകരിച്ചു. സുലേഖയിൽ വേണ്ട ക്രമീകരണം നടത്തുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.25. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.07.2019- ലെ കത്ത് (SRG/699/19-CC/458/2019)**

**പ്രോ. നം. 52/20** **അടങ്കൽ - 11,00,000/- രൂപ (വികസന ഫണ്ട്)**

**പേര് : കടുവിനാൽ സമൃദ്ധി കാർഷിക വിപണിക്ക് കെട്ടിടം.**

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കടുവിനാൽ സമൃദ്ധി കാർഷിക വിപണി കെട്ടിടം പണിയാൻ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. 1951-ലെ ചാരിറ്റബിൾ

സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണ് സമൃദ്ധി കാർഷിക വിപണി. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഈ സ്ഥാപനത്തിന്റെ ബൈലോയും കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും ഗ്രാമവികസന കമ്മീഷണർ മുഖേന നൽകണം. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി : 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഗ്രാമ വികസന കമ്മീഷണർ**

**4.26. മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.07.2019- ലെ കത്തും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21-12-2018-ലെ 17(1)-ാം നമ്പർ തീരുമാനവും (SRG/701/19-CC/338/2019).**

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീമതി. പുഷ്പ, നമ്പുകുളങ്ങര ക്രമനമ്പർ 20 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഇ.എം.എസ് ഭവന പദ്ധതിയിൽ ഇവർക്ക് 75000/- രൂപ നൽകിയിരുന്നു. എന്നാൽ പദ്ധതി പൂർത്തിയാക്കും മുൻപ് വീടും സ്ഥലവും വിറ്റു. പഞ്ചായത്തിൽ നിന്നും അനുവദിച്ച 75,000/- രൂപയും പലിശയായി 32475/- രൂപയുമടക്കം ഇയാൾ പഞ്ചായത്തിൽ അടച്ചു. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം വീടിനു ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഇത് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കും.

**നടപടി : 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ**

**4.27. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 27.08.2019- ലെ കത്ത് (SRG/806/19-CC/543/2019).**

**പ്രോ. നം. 68/20** **അടങ്കൽ - 15,83,720/-രൂപ (വികസനഫണ്ട്)**

**പേര് : സഹയാനം - മാലിന്യമുക്ത ഭരണിക്കാവ്**

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് സ്റ്റീൽ പ്ലേറ്റുകൾ, സിറാമിക് പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസ്/ജെഗ്ഗുകൾ തുടങ്ങിയവ വാങ്ങിച്ച നൽകാനുള്ള പ്രോജക്ട്. ഇത് വിവാഹ ചടങ്ങുകൾക്കും മറ്റും വാടകയ്ക്ക് കൊടുക്കാനാണ് ഉദ്ദേശ്യം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- കുടുംബശ്രീ അംഗങ്ങളായുള്ള ഹരിത കർമ്മസേനക്കു വേണം നൽകുന്നതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.28 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്**

**പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.09.2019-ലെ A4-5276/16- ാം നമ്പർ കത്തും സി.സി യുടെ 31.12.2018-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.34) (SRG/836 /19).**

2018-19 -ൽ ഓരോ കുടുംബത്തിനും കുടിവെള്ള ടാങ്ക് വിതരണം ചെയ്യുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടായതിനാൽ അനുമതി നൽകിയില്ല. എന്നാൽ പൊതു സ്ഥലത്തോ ഓരോ ക്ലസ്റ്ററിന് പൊതുവായോ ഉപയോഗിക്കാനുള്ള ടാങ്കാണെങ്കിൽ സി.എഫ്.സി ഉപയോഗിക്കാമെന്നു നിർദ്ദേശിച്ചിരുന്നു. ഇതു പുനപരിശോധിച്ച് ഓരോ കുടുംബത്തിനും കുടിവെള്ള ടാങ്ക് വിതരണത്തിന് അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം** :- വ്യക്തിഗത ഗുണഭോക്താക്കൾക്ക് വികസന ഫണ്ടോ തനതു ഫണ്ടോ ഉപയോഗിക്കാൻ അനുമതി നൽകുന്നു. എന്നാൽ ഒരു ക്ലസ്റ്ററിന് പൊതുവായി ഉപയോഗിക്കാനുള്ള ടാങ്കാണെങ്കിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

**നടപടി : തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.29. ആലപ്പുഴ ജില്ല പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2019-ലെ കത്ത് (SRG/777/19-CC/497/2019).**

**പ്രോ.നം. 76/20** **അടങ്കൽ 34,00,000/- രൂപ**

**പേര് : സഞ്ചരിക്കുന്ന കാൻസർ നിർണ്ണയ യൂണിറ്റ്**

ആരംഭത്തിൽ തന്നെ കാൻസർ ബാധിതരെ കണ്ടെത്തി ചികിത്സ നിർദ്ദേശിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- 2016-17 മുതൽ നടപ്പാക്കുന്ന ഈ പ്രോജക്ടിന്റെ നടത്തിപ്പു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.30. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.08.2019-ലെ കത്ത് (SRG/751/19-CC/712/2018).

**പ്രോ.നം. 20/20** — **അടങ്കൽ - 16,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)**

**പ്രോ.നം. 21/20** — **അടങ്കൽ - 24,00,000/- രൂപ (എസ്.സി.പി)**

**പേര് : എം.എൻ ലക്ഷം വീട് - ഇരട്ടവീട് ഒറ്റ വീടാക്കൽ**

2019-20- ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൻ ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീട് ഒറ്റ വീടാക്കാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ആവശ്യമായ തുക മാറ്റി വച്ചിട്ടുണ്ടോ എന്നു പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

നടപടി : **1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ**

4.31 തുറവൂർ ഗ്രാമപഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.07.2019-ലെ കത്തും തുറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.06.2019 -ലെ A3 -3777/18 -ാം നമ്പർ കത്തും ( SRG/601/19-CC/ 373/2019).

**പ്രോ.നം. 15/20** — **അടങ്കൽ - 14,50,000/- രൂപ (എസ്.സി.പി)**

**പേര് : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.**

2019-20 ലെ വാർഷിക പദ്ധതിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനുള്ള പ്രോജക്ടിന് 25 പേരാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളത്. ഇവരിൽ 6 വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് സ്വന്തമായി വീടില്ല. ഇപ്പോൾ ഇവർ താമസിക്കുന്ന വീടും സ്ഥലവും മുത്തച്ഛന്റേയും മുത്തശ്ശിയുടേയും ഉടമസ്ഥയിലാണ്. ഈ വിദ്യാർത്ഥികൾക്കു കൂടി പഠനമുറി നിർമ്മിച്ചു നല്കുന്നതിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഗുണഭോക്തൃ ലിസ്റ്റിൽ 25 പേർ ഉണ്ടെങ്കിലും പ്രോജക്ടിന്റെ അടങ്കൽ 14.50 ലക്ഷം രൂപ മാത്രമാണെന്നും നിലവിലെ നിരക്കായ 2 ലക്ഷം രൂപ അനുസരിച്ച് മുഴവൻ ഗുണഭോക്താക്കൾക്കും പഠനമുറി നൽകാൻ വകയിരുത്തി യിരിക്കുന്ന തുക തികയില്ല എന്ന് യോഗം വിലയിരുത്തി

ഈ സാഹചര്യത്തിൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആദ്യം പഠനമുറി നൽകുന്ന രീതിയിൽ ക്രമപ്പെടുത്തണമെന്ന നിബന്ധനയോടെ പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. വീടിന്റേയും സ്ഥലത്തിന്റേയും ഉടമസ്ഥത മുത്തച്ഛനും മുത്തശ്ശിക്കാണെങ്കിലും ധനസഹായം നൽകാവുന്നതാണ്.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.32 തിരുമാറാടി ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.19-ലെ കത്തും എറണാകുളം ഡെപ്യൂട്ടി ഡയറക്ടറുടെ 20.08.2019-ലെ ADP -EKM/274/2019-PA4 -ാാം നമ്പർ പരിശോധന കുറിപ്പും ( SRG/839/19-CC/ 323/2019).**

തിരുമാറാടി ഗ്രാമപഞ്ചായത്തിലെ കാക്കൂർ കാർഷിക മേളക്ക് 1,00,000/- രൂപ വീതം തനതു ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് 2017-18 - ൽ അനുമതി നൽകിയിരുന്നു. എന്നാൽ 2017-18-ൽ 2.00 ലക്ഷം രൂപ ചെലവഴിച്ചു. ഇതിന് സാധൂകരണവും തുടർന്നുള്ള വർഷങ്ങളിൽ 2.00 ലക്ഷം രൂപ വീതം ചെലവഴിക്കാൻ അനുമതിയും സംബന്ധിച്ച്.

**തീരുമാനം** :- ഇതിന്മേൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ വകുപ്പിനെ ചുമതലപ്പെടുത്തി.

**നടപടി : തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

യോഗം ഉച്ചയ്ക്ക് 1.30 മണിക്ക് അവസാനിച്ചു.

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5 ഡയറക്ടർ, നഗരകാര്യ വകുപ്പ്
6 ഗ്രാമവികസന കമ്മീഷണർ
7 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
12 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
13 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
14 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
15 ഡയറക്ടർ, വനിതാശിശുക്ഷേമ വകുപ്പ്
16 ഡയറക്ടർ, കില
17 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ (പ്രതിനിധി)
18 പ്രിൻസിപ്പൽ സെക്രട്ടറി ഫിനാൻസ് (പ്രതിനിധി)
19 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
20 ഡയറക്ടർ നാഷണൽ ഹെൽത്ത് മിഷൻ (പ്രതിനിധി)